

# ഒരിടത്തൊരിടത്ത്....

**ഫാരിസ് വെമ്മം, അസ്ഹറുൽ ഉലൂം ആലുവ**

കഠാരകൾ
കഥപറയുമെന്നാരോ പറഞ്ഞപ്പോൾ
ഞാനാദ്യമോടിയത് സരയൂ
നദിക്കരയിലേക്കായിരുന്നു.
തെരുവിലെ ചെങ്കല്ലു പാകിയ
ഇടവഴികളിലൂടെ
ഞാൻ അതിവേഗം നടന്നു
ഷോവൽസും ബ്രിക്സും
ഊക്കൻ കയറുകളും
ഉരുക്കു കൊളുത്തുകളുമൊക്കെ
അവിടെത്തന്നെയുണ്ടായിരുന്നു
കാവിപ്പുശുക്കൾ അലറി
പുല്ലുതീനികളുടെ കഠാരകൾ
ഇനിയും ഉണങ്ങിയിട്ടില്ല
കാറ്റിനിന്നും അതേ കർപൂരത്തിന്റെ ഗന്ധം
ചരിത്രത്തിന്റെ വാതിലുകൾ കൊട്ടിയടച്ച്
ഇസ്മായിൽ ഉറങ്ങാൻ കിടന്ന ആ രാത്രിയും
അയാളുടെ ബാങ്കൊലികൾ മുഴങ്ങിയിരുന്ന
താഴികക്കുടങ്ങളുടെ മുറിഞ്ഞ
ഇഷ്ടികക്കഷ്ണങ്ങളും
എന്റെ ഉറക്കം കെടുത്തിയ
ആ സന്യാസിമാരുടെ
വിയർപ്പുനാറ്റവും മനസിൽ തികട്ടിയെത്തി
ഞാനിന്ന് അയോധ്യയിലാണ്
അവർ കഥപറയാനാരംഭിച്ചപ്പോൾ
പുല്ലുതീനികൾ നടന്നകന്നിരുന്നു
ആർക്കോവേണ്ടി കാത്തിരുന്ന
തടവറയുടെ ഇരുമ്പഴികളും തുറന്നില്ല
അപ്പോഴും അവളുടെ കൈയിൽ
തുലാസുണ്ടായിരുന്നു
ഇരുൾമൂടിയ കണ്ണുകൾ
അവളൊന്നുകൂടി ഇറുക്കിയടച്ചു
എന്നാലും ആ കിണറുകളിൽ നിന്നുമുയർന്ന
തേങ്ങലുകൾ അവളുടെ നെഞ്ചത്ത് ഇന്നും
കലഹമുണ്ടാക്കിക്കൊണ്ടേയിരുന്നു
ഞാൻ തിരിഞ്ഞുനടന്നു
ഇനിയങ്ങോട്ടേക്കില്ല
കണ്ണുകൾ ഇറുക്കിയടച്ച് ഉറക്കം നടിച്ച്
ഞാനും അവരോടൊപ്പം നടന്നകന്നു.

**കെ.പി ബാലകൃഷ്ണൻ, ഇരിങ്ങൽ**

ഷഫീഖ്,
നിന്റെ അക്ഷരങ്ങൾ
ചങ്ങലയിൽ പൂട്ടിവച്ചിരിക്കുന്നു
നിന്റെ വിശപ്പ്
പട്ടിയുടെ ചോറ്റ് പാത്രത്തിൽ
നിറച്ചിരിക്കുന്നു
നിന്റെ ബന്ധങ്ങൾ
ചാട്ടവാറിലൊളിച്ചിരിക്കുന്നു.
നിന്റെ നിശ്വാസം
അടിപ്പാടിൻ ചിണർപ്പായ്
ചുവന്നിരിക്കുന്നു.
നിന്റെ നിലവിളി
ഇരുട്ടിലൊളിച്ചു കളിക്കുന്നു.
ഒടുവിൽ നീ നീതിയുടെ
അളവുകളാൽ
വിലപേശലാവുന്നു.
ഷഫീഖേ,
ഇനി നീ പറയൂ
നിന്റെ ആകാശവും ഭൂമിയും
ഇവിടെത്തന്നെയല്ലേ?
■



**കെ.പി ബഷീർ**

പുതിയ വീടിന്റെ ചുറ്റുമതിലിന് പൊക്കം വേണം
പുറത്തെ തെണ്ടിപിള്ളേർ മാങ്ങ പറിക്കാനായി
ചാടിക്കയറരുതല്ലോ.

പടുകൂറ്റൻ ഗെയ്റ്റിന് സ്വൽപം കുഴക്കുന്ന കൊളുത്തുവേണം
പിച്ചക്കാർ തുറക്കാനാവാതെ മടങ്ങിപ്പോകുമല്ലോ.

ഗെയ്റ്റിൻമേൽ 'പട്ടിയുണ്ട് സൂക്ഷിക്കുക'
എന്ന ബോർഡ് വേണം
വലിഞ്ഞു കേറി വരുന്നവരെ പേടിപ്പിച്ചു വിടാമല്ലോ.

ഗെയ്റ്റിൻമേൽ തപാൽപെട്ടി തൂക്കണം
പോസ്റ്റ്മാനായാലും മുറ്റത്ത് കാല് കുത്തരുതല്ലോ.

കാവലിന് യൂണിഫോമിട്ട ആളെ വെക്കണം
അതിക്രമിച്ചു കയറുന്നവരെ തുരത്താമല്ലോ.

പുറത്ത് പേരും തറവാടും മാർബിളിൽ കൊത്തണം
വീട് തെറ്റിയെങ്കിലും ആരും കയറരുതല്ലോ.

എന്നിട്ടും...

ശവത്തിന്റെ നാറ്റം മൂന്നാംനാൾ ഗെയ്റ്റും മതിലും കടന്ന്
പുറത്തേക്ക് പരന്നപ്പോൾ
അവർ അതിക്രമിച്ചു കടന്നു.
അതിൽ തെണ്ടിപ്പിള്ളേരുണ്ടായിരുന്നു.
പിച്ചക്കാരും അയൽവാസികളും മുതൽ
വലിഞ്ഞുകയറാൻ മടിച്ചവർ വരെ. ■